/

# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5596 — 02.11.2016-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങളിലെ ഭരണ സമിതിയുടെ കാലാവധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഭരണ സമിതിയുടെ കാലാവധി അഞ്ച് വർഷത്തിൽ നിന്ന് മൂന്ന് വർഷമായി ചുരുക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഇല്ല. |
| (ബി) പ്രസ്തുത സംഘങ്ങളുടെ പുരോഗതിക്ക് വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) പ്രാഥമിക സഹകരണ സംഘങ്ങളുടെ പുരോഗതിക്കു വേണ്ടി ചുവടെ ചേർക്കുന്നവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1) സംഘങ്ങളുടെ ആധുനികവൽക്കരണം പൂർത്തിയാക്കി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും നൽകും വിധം സഹകരണ ബാങ്കുകളെ പ്രാപ്തമാക്കുക.<br>2) 31.03.2017 ന് മുമ്പ് എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക. |

3) കർഷക സേവന കേന്ദ്രം പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ബയോ ഫാർമസി, കാർഷിക ഔഷധ നഴ്സറി എന്നിവ തുടങ്ങുക, കൂടാതെ സഹകരണം സമൃദ്ധം എന്ന പേരിൽ സഹകരണ മേഖലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളും നൂതന പദ്ധതികളും കോർത്തിണക്കിയ സുസ്ഥിര വികസന പദ്ധതികൾ നടപ്പിലാക്കുക.

**സെക്ഷൻ ഓഫീസർ**